പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3697 14/03/2017-ൽ മറുപടിയ്ക്ക്

## ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II തസ്തിക

| ചോദ്യം<br>ശ്രീ. വി. ജോയി | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഒരൊഴിവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 12 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) | ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയവ യഥാസമയം കെ.പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിൽ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഇ.സി.ജി ടെക്നീഷ്യന്റെ വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും പുനർ നിർണ്ണയിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പുനർ നിർണ്ണയം നടത്തി ഉത്തരവു പുറപ്പെടുവിക്കുന്നമുറയ്ക്ക് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (സി) | 12-12-2014ൽ കാറ്റഗറി 446/2011 പ്രകാരം കെ.പി.എസ്.സി. പ്രസിദ്ധീകരിച്ച ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ? | (സി) | 14 പേർക്ക് നിയമന ശിപാർശ നൽകി |

സെക്ഷൻ ആഫീസർ